**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - വാക്സിൻ സ്വീകരിക്കാതെ കോവിഡ് പോസിറ്റീവ് ആകുന്ന ആളുകളുടെ ചികിത്സാ ചെലവ് -സംബന്ധിച്ച്

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2705/2021/ആ.കു.വ തീയതി,തിരുവനന്തപുരം, 02/12/2021

പരാമർശം:- ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.11.2021 -ൽ ചേർന്ന കോവിഡ് അവലോകനയോഗത്തിലെ നടപടിക്കുറിപ്പ്

**ഉത്തരവ്**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കോവിഡ് പ്രതിരോധ വാക്സിൻ സ്വീകരിക്കുന്നതിന് ചുരുക്കം ചിലരെങ്കിലും വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയത് സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഇതുവരെ വാക്സിൻ സ്വീകരിക്കാതെ കോവിഡ് പോസിറ്റീവ് ആകുന്ന ആളുകളുടെ ചികിത്സാ ചെലവ് സർക്കാർ വഹിക്കുന്നതല്ല എന്നും രോഗങ്ങൾ, അലർജി മുതലായവ കൊണ്ട് വാക്സിനേഷൻ എടുക്കാൻ സാധിക്കാത്തവർ സർക്കാർ ഡോക്ടറുടെ സർട്ടിഫിക്കേറ്റ് ഹാജരാക്കേണ്ടതാണ് എന്നും ഉത്തരവാകുന്നു..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജൻ നാംദേവ് ഖൊബ്രഗഡെ
പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (-F2/31/2020-HEALTH-Part(23) ഫയലിലേയ്ക്ക്)

ഉത്തരവിൻ പ്രകാരം

Signed by Sheena Paul
Date: 02-12-2021 12:53:23
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ (ആരോഗ്യ വകുപ്പ്) പി.എ-യ്ക്ക്